FEB 2022
RECEIVED

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - എക്സൈസ് - സംസ്ഥാനത്ത് ഉപയോഗിയ്ക്കുന്ന മദ്യ കുപ്പികളിൽ നിലവിലുള്ള സെക്യൂരിറ്റി ലേബലുകളിൽ QR Code based E - Labels /Bar Code കൂടി രേഖപ്പെടുത്തുന്ന സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ജി )വകുപ്പ്

സ.ഉ.(സാധാ) നം.71/2022/TAXES തീയതി,തിരുവനന്തപുരം, 08-02-2022

---

പരാമർശം:-

1. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, ചെയർമാൻ & മാനേജിങ് ഡയറക്ടറുടെ 16-09-2021 ലെ KSBC/SEC/CA4/2021-22 നമ്പർ കത്ത്.
2. എക്സൈസ് കമ്മീഷണറുടെ 31-12-2021 ലെ EXC/4064/2021 /XC3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്ത് വില്പന നടത്തുന്ന/വിപണനം ചെയ്യുന്ന മദ്യക്കുപ്പികളിൽ സെക്യൂരിറ്റി ലേബൽ ഉണ്ടായിരിക്കണമെന്ന് 1953-ലെ വിദേശമദ്യ ചട്ടങ്ങളിലെ ചട്ടം 26 അനുശാസിക്കുന്നു. കേരള സംസ്ഥാന ബിവറേജസ് കോർപറേഷന്റെ FL 9 വെയർ ഹൗസുകളിൽ മാനുവൽ ആയാണ് സെക്യൂരിറ്റി ലേബൽ പതിപ്പിക്കുന്നത്. മദ്യക്കുപ്പികൾ അടങ്ങിയ കെയ്സ് തുറന്ന് ഓരോ മദ്യക്കുപ്പിയിലും സെക്യൂരിറ്റി ലേബൽ പതിപ്പിക്കുന്ന പ്രക്രിയ ചെലവേറിയതും സമയനഷ്ടം ഉണ്ടാക്കുന്നതും, ആയതിനാൽ ഡിജിറ്റൈസേഷനും സാങ്കേതിക പുരോഗതിയും ആവശ്യപ്പെടുന്ന രീതിയിൽ, സെക്യൂരിറ്റി ലേബലുകൾക്ക് പകരം QRCode based E - Labels സമ്പ്രദായം നടപ്പിലാക്കണമെന്നും അങ്ങനെ അനധികൃത മദ്യത്തിന്റെ വില്പനയും, ഉപയോഗവും നിയന്ത്രിയ്ക്കാൻ കഴിയുമെന്നും പരാമർശം (1) പ്രകാരം സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. വിദേശമദ്യ ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം, സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മദ്യകുപ്പികളിൽ എക്സൈസ് കമ്മീഷണറുടെ ഒപ്പും, സർക്കാരിന്റെ മുദ്രയുമുള്ള സെക്യൂരിറ്റി ലേബലുകൾ പതിച്ചിരിയ്ക്കണം എന്ന് വ്യവസ്ഥയുണ്ടെന്നും, QR Code പതിയ്ക്കുന്നത് മൂലം കേരളത്തിൽ വില്ക്കുന്ന മദ്യത്തിന്റെ നീക്കം കൃത്യമായി നിരീക്ഷിയ്ക്കാൻ കഴിയുമെന്നും, എന്നാൽ സെക്യൂരിറ്റി ലേബലുകൾ ഒഴിവാക്കുന്നത് ക്രമക്കേടുകൾക്ക് ഇടയാക്കിയേക്കാമെന്നും അതിനാൽ മദ്യകുപ്പികളിൽ നിലവിലെ സെക്യൂരിറ്റി ലേബൽ സംവിധാനം നിലനിർത്തി QR Code സംവിധാനം കൂടി നടപ്പിൽ വരുത്തണമെന്നും പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മദ്യകുപ്പികളിൽ QR Code based E - Labels/ബാർ കോഡ് പതിപ്പിക്കുന്നത് മൂലം, സംസ്ഥാനത്ത് വില്പന നടത്തുന്ന മദ്യത്തിന്റെ നീക്കം കൃത്യമായി നിരീക്ഷിക്കാൻ കഴിയുന്നതിനാലും, അതിലൂടെ പെർമിറ്റ് ലംഘനവും നികുതി വെട്ടിപ്പും മദ്യവിൽപനയിലെ ക്രമക്കേടുകളും തടയാൻ സാധിക്കുമെന്നതിനാലും, സംസ്ഥാനത്ത് ഉപയോഗിക്കുന്ന മദ്യ കുപ്പികളിൽ നിലവിലുള്ള സെക്യൂരിറ്റി ലേബലുകളിൽ . QR Code based E - Labels /Bar Code കൂടി രേഖപ്പെടുത്തുന്ന സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇതിൻ പ്രകാരം അബ്കാരി ചട്ടങ്ങളിലും മറ്റും ഭേദഗതി വരുത്തുന്നതിനാവശ്യമായ കരട് ഭേദഗതി വിജ്ഞാപനം എക്സൈസ് കമ്മീഷണർ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
ചെയർമാന്റ് & മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( A&E/Audit) തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signed by Premlal D
Date: 10-02-2022 15:18:09
സെക്ഷൻ ഓഫീസർ